LIBRARY ARCHIVES Kerala Legislative Assembly

അപേക്ഷകളിൽ തുടർനടപടികൾ സ്വീകരിക്കുന്നുണ്ട്. പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ചികിത്സാ ധനസഹായത്തിനുള്ള അപേക്ഷ ഓൺലൈൻ വഴിയാക്കിയിട്ടില്ല.. അപേക്ഷകൾ നേരിട്ട് സ്വീകരിച്ച് അതിൽ തുടർ നടപടികൾ സ്വീകരിക്കുകയാണ് ഇപ്പോൾ ചെയ്തുവരുന്നത്.

(ബി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ചികിത്സാ ധനസഹായം അനുവദിക്കുന്നതിന് വേണ്ടി അപേക്ഷ സ്വീകരിക്കുന്നത് പോലെ പട്ടികജാതി/വർഗ്ഗ വിഭാഗങ്ങളിൽ നിന്നും എം.എൽ.എ.-മാർ മുഖേന നേരിട്ട് അപേക്ഷ സ്വീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

നിലവിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിൽ നിന്നുള്ള ചികിത്സാ ധനസഹായത്തിനായി ബഹു.എം.പി.-മാർ, എം.എൽ.എ.-മാർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർ മുഖേന നൽകുന്ന അപേക്ഷകൾ സ്വീകരിച്ച് തുടർ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

ഭൂമി വിലയ്ക്ക് വാങ്ങി നൽകുന്ന പദ്ധതി

89 (395) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ ഭൂരഹിതരായ 14 പട്ടികവർഗ്ഗക്കാർക്ക് ഭൂമി വിലയ്ക്ക് വാങ്ങി നൽകുന്ന പദ്ധതി പ്രകാരം 2 ഏക്കർ 60 സെന്റ് ഭൂമി വിലയ്ക്ക് വാങ്ങി നൽകുന്നതിന് ജനകീയ കമ്മിറ്റി കൈക്കൊണ്ട തീരുമാനത്തിനെ തുടർന്നുള്ള നടപടി എന്തായി എന്നറിയിക്കാമോ?

തിരുവനന്തപുരം ജില്ലയിൽ ലാന്റ് ബാങ്ക് പദ്ധതി പ്രകാരം കണ്ടെത്തിയതും ജില്ലാതല സ്ക്രീനിംഗ് കമ്മിറ്റി അംഗീകരിച്ചതുമായ 2.63 ഏക്കർ ഭൂമിക്ക് 15-2-2021-ൽ ചേർന്ന പർച്ചേസ് കമ്മിറ്റി വില നിർണ്ണയം നടത്തി, SLEC-യുടെ അംഗീകാരത്തിന് നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) ജനകീയ കമ്മിറ്റി തീരുമാനം എടുത്തത് എന്നാണ്?

3-2-2020-ൽ.

(സി) ഇതുസംബന്ധിച്ച ഫയൽ ഇപ്പോൾ ഏത് ഓഫീസിലാണ് ഉള്ളതെന്ന് ഫയൽ നമ്പർ സഹിതം അറിയിക്കാമോ?

തിരുവനന്തപുരം കളക്ടറേറ്റിലെ LA സെക്ഷനിൽ. ഫയൽ നമ്പർ - K17-330212/21.